ശ്രീ. സി. കെ. നാണു : കാട്ടാനകൾ ഉൾപ്പെടെ വന്യജീവികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. അതിന്റെ ഫലമായിട്ട് സമീപപ്രദേശത്ത് വന്യജീവികളുടെ ആക്രമണവും മുൻ കാലത്തേക്കാൾ വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : കൂട്ടമായി കാട്ടാനകൾ അതിർത്തി കടന്ന് എത്താറുണ്ടെന്ന് അങ്ങ് പറഞ്ഞു. ആ അവസരത്തിൽ കാട്ടാനകളോടൊപ്പം വീരപ്പനും കേരളത്തിൽ വന്നുപോയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മി. സ്പീക്കർ : അങ്ങേയ്ക്ക് ഇത്ര കൃത്യമായ വിവരം എങ്ങനെ കിട്ടിയെന്നുള്ളതാണ്.

ശ്രീ. സി. കെ. നാണു : കർണ്ണാടക - തമിഴ്നാട് പോലീസ്, വനംവകുപ്പ് ഉദ്യോഗസ്ഥന്മാരെ സഹായിക്കുക മാത്രമേ കേരളം ചെയ്യുന്നുള്ളൂ. വീരപ്പനെ പിടിക്കാനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : കാട്ടാനകളെ സംബന്ധിച്ചാണ് ചോദ്യമെങ്കിലും നിരന്തരമായ പീഡനത്തെത്തുടർന്ന് ധാരാളം കാട്ടാനകൾ ചരിഞ്ഞിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം പീഡനങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. സി. കെ. നാണു : വളരെ ഗൗരവമുള്ള വിഷയമാണിത്. ഗുരുവായൂരിൽ അമ്പതിലധികം ആനകളെ നല്ല രീതിയിൽ പരിപാലിക്കുന്നുണ്ട്. പല ക്ഷേത്രങ്ങൾക്കും സ്വന്തമായി ആനയുണ്ട്. ധാരാളം വ്യക്തികൾക്കും സ്വന്തമായി ആനയുണ്ട്. സ്വന്തമായി ആനയുള്ളവരുടെ ഒരു സംഘടനയും നിലവിലുണ്ട്. കാട്ടാനകളെപ്പോലും ചികിൽസിക്കാൻ കഴിവുള്ള വിദഗ്ദ്ധരായ മൂന്നു ഡോക്ടർമാർ വനംവകുപ്പിനുണ്ട്. എല്ലാവരുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ എന്തു ചെയ്യാൻ കഴിയുമെന്ന് ആലോചിക്കുന്നതാണ്.

കായലിലും കടലിലും നിക്ഷേപിച്ച മൽസ്യക്കുഞ്ഞുങ്ങൾ

4 (*125) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായലുകളിലും കടലിലുമായി ഏതെല്ലാം ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട് ;

(ബി) കടലിലും കായലിലും നിക്ഷേപിക്കപ്പെടുന്ന മൽസ്യക്കുഞ്ഞുങ്ങൾ പൂർണ്ണ വളർച്ചയെത്തുന്നു എന്ന് ഉറപ്പാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് ഈ സർക്കാർ ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതുവഴി എന്തു തുകയുടെ മത്സ്യസമ്പത്ത് ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) കാര, നാരൻ എന്നീ ഇനത്തിൽപ്പെട്ട ചെമ്മീൻകുഞ്ഞുങ്ങളെ കടലിനോട് ചേർന്ന് അഴിമുഖങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) മത്സ്യക്കുഞ്ഞുങ്ങൾ പൂർണ വളർച്ചയെത്തുന്നതു സംബന്ധിച്ച് ആധികാരിക പഠനം നടത്തിയിട്ടില്ല. എങ്കിലും നിക്ഷേപിക്കുന്ന ചെമ്മീൻ കുഞ്ഞുങ്ങളുടെ 20 ശതമാനം പൂർണ്ണ വളർച്ചയെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഇതുവരെ 52.36 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഏകദേശം 5 കോടിയോളം രൂപയുടെ മത്സ്യസമ്പത്ത് ലഭിക്കുന്നതായി കണക്കാക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : മൽസ്യക്കുഞ്ഞുങ്ങളെ ഏതെല്ലാം അഴിമുഖങ്ങളിലാണ് നിക്ഷേപിച്ചിട്ടുള്ളത്. വിദഗ്ദ്ധസമിതിയുടെ അഭിപ്രായ പ്രകാരമാണോ ഇങ്ങനെ നിക്ഷേപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മിക്കവാറും എല്ലാ അഴിമുഖങ്ങളിലും നിക്ഷേപിച്ചിട്ടുണ്ട്. വിദഗ്ദ്ധസമിതിയുടെ അഭിപ്രായപ്രകാരം തന്നെയാണ് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഇപ്പോൾ തീരപ്രദേശത്തൊക്കെ വെറിയാണ്. 52 ലക്ഷം രൂപ മുടക്കിയപ്പോൾ 5 കോടി രൂപ കിട്ടിയെങ്കിൽ എല്ലാ വർഷവും ഇത് തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ശാസ്ത്രീയമായ പഠനത്തിന്റെ വെളിച്ചത്തിൽ ലഭിച്ച വിവരങ്ങളാണ് ഞാൻ പറഞ്ഞത്. നിക്ഷേപിക്കപ്പെടുന്ന മൽസ്യക്കുഞ്ഞുങ്ങൾ കടലിന്റെ ഒരു ഭാഗത്തു മാത്രമല്ല എല്ലാ ഭാഗത്തുമുണ്ടാകും.

ശ്രീ. ടി. എം. ജേക്കബ് : നിക്ഷേപിക്കപ്പെടുന്ന മത്സ്യക്കുഞ്ഞുങ്ങൾ ജീവിച്ചിരിപ്പുണ്ടോയെന്ന് അറിഞ്ഞാലല്ലേ കൃത്യമായ കണക്ക് പറയാൻ കഴിയുകയുള്ളു. അതിനുള്ള മാർഗ്ഗം എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മത്സ്യസമ്പത്ത് നേരത്തെയുണ്ടായിരുന്നതും ഈ നടപടി വന്നതിനുശേഷം ഉണ്ടായതും തമ്മിൽ താരതമ്യ പഠനം നടത്തിയാണ് കൃത്യമായ കണക്ക് പറയുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly